LIBRARY ARCHIVES Kerala Legislative Assembly

കൈനടി പോലീസ് സ്റ്റേഷൻ നിർമ്മാണം

68 (358) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൈനടി പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിശദമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി പതിനൊന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പന്ത്രണ്ട് ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. രണ്ട് നിലകളുള്ള കെട്ടിടമാണ് പണിയുന്നത്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ചുവരുകൾ അകവും പുറവും പുശിക്കഴിഞ്ഞു. പ്ലംബിംഗ്, വയറിംഗ് എന്നീ പണികളും (ഫിറ്റിംഗുകൾ ഒഴികെയുള്ളവ) പൂർത്തിയായി. നാളിതുവരെ പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 9,69,078/- രൂപ ചെലവായി.

(സി) പെയിന്റിംഗ്, വാതിലുകൾ ഘടിപ്പിക്കുക, അലുമിനിയം (സ്ലൈഡിംഗ് രീതിയിലുള്ളവ) ജനാലകൾ ഘടിപ്പിക്കുക, ടോയ്‌ലറ്റുകളിലും തറയിലും ടൈലുകൾ പതിക്കുക, പ്ലംബിംഗിന്റെയും ഇലക്ട്രിക്കൽ പണികളുടെയും ഫിറ്റിംഗുകൾ ഘടിപ്പിക്കുക എന്നീ പണികളാണ് അവശേഷിക്കുന്നത്.

തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

69(359) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഇതിൽ നാളിതുവരെ എത്ര എണ്ണം പ്രവർത്തനം തുടങ്ങി;

(സി) ഓരോ പോലീസ് സ്റ്റേഷനിലും ഓരോ തസ്തികകളിലായി എത്ര ഉദ്യോഗസ്ഥർ വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്;